# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686 038. KERALA
PHONE 8499 8234

1984 മെയ് 27 — മാർ പീലക്സിനോസ് സപ്ളിമെൻറ്




ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യു
പ: ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ
ബാവാതിരുമനസ്സുകൊണ്ട്

# മാർ പീലക്സീനോസ് തളരാത്ത ഭരണാധിപൻ: പ:ബാവാ

(സ്റ്റാഫ് എഡിററർ)

ഓമല്ലൂർ: പ്രതിസന്ധിഘട്ടങ്ങളിലെല്ലാം സഭാ കേന്ദ്രത്തോടൊപ്പം ഒരു ശക്തിദുർഗ്ഗമായി നിലകൊള്ളുവാൻ തുമ്പമൺ മെത്രാസനത്തിനു സാധിച്ചതു് ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ നേതൃത്വം കാരണമാണെന്നും സഭയുടെ സത്യവിശ്വാസത്തിലും പാരമ്പര്യങ്ങളിലും ആരാധനയിലും വേരൂന്നി വളർന്ന ജീവിതമാണ തിരുമേനിയുടേതു് എന്നും പ. ബാവ പ്രസ്താവിച്ചു.

മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ 79-ാം ജന്മദിനാഘോഷത്തോടനുബന്ധിച്ച് സ്വന്തം ഇടവകയായ ഓമല്ലൂരിൽചേർന്ന സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു പ. ബാവാ.

ശാരീരികമായ അസ്വസ്ഥതകൾ മാർ പീലക്സീനോസ് മെത്രാച്ചനെ ബുദ്ധിമുട്ടിപ്പിക്കുന്നുണ്ടെങ്കിലും അതൊന്നും വകവയ്ക്കാതെ മുന്നോട്ടു പോകുവാൻ അദ്ദേഹത്തിനു കഴിയുന്നു. പ. ബാവ കൂട്ടിച്ചേർത്തു.

നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് അദ്ധ്യക്ഷത വഹിച്ചു. ജോസഫ് മാർ പക്കോമിയോസ്, തോമസ് മാർ അത്താനാസിയോസ് എന്നീ മെത്രാപ്പോലീത്തമാരും ഫാ. മത്തായി നൂറനാൽ, മഹാകവി പുത്തൻകാവ് മാത്തൻ തരകൻ, തോമസ് കുതിരവട്ടം എം. പി., കെ. കെ. നായർ എം. എൽ. എ., പോൾ മത്തായി, ഓമല്ലൂർ ശങ്കരൻ, കെ. എം. കുറിയാക്കോസ്, മാത്യു കളത്തുങ്കൽ, എം. വിശ്വംഭരൻ എന്നിവരും ആശംസകൾ നേർന്നു.

ഫാ. ടി. എം. സാമുവൽ മംഗളപത്രം സമർപ്പിച്ചു. താമ്രഫലക സമർപ്പണം കാതോലിക്കേററ് കോളേജ് പ്രിൻസിപ്പൽ ഡോ. ടി.എം. ജോർജ്ജും കവിതാ സമർപ്പണം സഭാകവി സി. പി. ചാണ്ടിയും നിർവഹിച്ചു. ജീവചരിത്ര പ്രകാശനത്തിനു കെ. വി. മാമ്മൻ (അസി. എഡിററർ മനോരമ), ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായെ ക്ഷണിച്ചു.

ഫാ ഡാനിയേൽ എൻ. വർഗീസും കെ. വി. മാമ്മനും ചേർന്നു രചിച്ച ഗ്രന്ഥത്തിന്റെ ആസ്വാദനം ഡോ. സാമുവൽ ചന്ദനപ്പള്ളി നടത്തി. മനോരമ ചീഫ് എഡിററർ കെ. എം. മാത്യുവിന്റെ സന്ദേശം സമ്മേളനത്തിൽ വായിച്ചു.

ഇടവകാംഗങ്ങളുടെ ഉജ്ജ്വലമായ സ്വീകരണത്തിനു് ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ നന്ദി പറഞ്ഞു.

ഭദ്രാസന സെക്രട്ടറി ഡാനിയേൽ എൻ. വർഗീസ് സ്വാഗതവും ഫാ. പി. എം. കോശി നന്ദിയും പറഞ്ഞു.



തുമ്പമൺഭദ്രാസനത്തിന്റെ ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്ത. (79-ാം വയസ്സിലേക്കു്)

# അദൃശ്യകരങ്ങളുടെ പരിപാലനയിൽ

സ്റ്റാഫ് എഡിററർ

തിരക്കേറിയ ദിവസങ്ങൾ: വിശ്രമമില്ലാത്ത ജീവിതം. ശാരീരികമായ അസ്വസ്ഥതകൾമൂലം പലപ്പോഴും ശയ്യാവലംബിയാണെങ്കിലും നിരന്തരമായ വായനകൊണ്ട് വ്യക്തിത്വത്തിന്റെ തിളക്കം വർദ്ധിപ്പിക്കുന്ന തപോധനൻ. പത്തനംതിട്ട ബേസിൽ അരമനയുടെ പ്രധാന കെട്ടിടത്തിന്റെ രണ്ടാം നിലയിൽ മാർ പീലക്സീനോസ് തിരുമനസിലെ സ്വകാര്യമുറിയിലേക്കു് കടന്നു ചെല്ലുമ്പോൾ ആ മഹാശയന്റെ ജീവിതനിഷ്ഠയിൽ ആകൃഷ്ടരാകാതെ മടങ്ങിപോരുവാൻ ആർക്കും സാദ്ധ്യമല്ല.

സമയം വൈകിട്ട് അഞ്ചുമണി. കോരിച്ചൊരിയുന്ന മഴ. ചീറിയടിക്കുന്ന തണുത്ത കാററ്. തിരുമനസുകൊണ്ട് കമ്പിളിപ്പുതപ്പു പുതച്ച് കട്ടിലിൽ കിടക്കുന്നു. ശരീരം നന്നെ വിറയ്ക്കുന്നുണ്ട്. ഞങ്ങൾ തിരുമേനിയുടെ മുറിയിലേക്കു് കടന്നുചെന്നു കൈമുത്തി. കട്ടിലിന്റെ ഒരരികുചേർന്നു നിന്നു. 'എന്തൊക്കെയാണു് വാർത്തകൾ; നിങ്ങൾ എപ്പോൾ വന്നു; നിങ്ങളുടെ പത്രം മുടങ്ങാതെ കാണാറുണ്ട്.' ഇടിമുഴക്കംപോലത്തെ ശബ്ദം. ഞങ്ങൾ കാര്യമെല്ലാംപറഞ്ഞു. ഉടൻതന്നെതിരുമനസുകൊണ്ട് പുതപ്പുമാററി എഴുന്നേററിരുന്നു. ഞങ്ങൾക്കറിയേണ്ടതായ വിവരങ്ങൾ സകലതുംവളരെ വ്യക്തമായും കൃത്യമായും പറഞ്ഞുതന്നു. തിരുമേനിയ്ക്കു് പുറമേ കാണുന്ന ക്ഷീണം അല്പംപോലും അകമേ ബാധിച്ചിട്ടില്ല എന്നു ഞങ്ങൾക്കു് ബോധ്യമായി.

ശാരീരികമായി വളരെയേറെ ക്ഷീണം അദ്ദേഹത്തെ ബാധിച്ചിട്ടുണ്ടെങ്കിൽ പോലും

(ശേഷം 2-ാം പേജിൽ)



ആഘോഷക്കമ്മററി ചെയർമാൻ മാർ യൗസേബിയോസ്മെത്രാപ്പോലീത്താ

# അരുമ ശിഷ്യന്റെ അനുസ്മരണകൾ

## മാർ കൂറിലോസ് മെത്രാപ്പോലീത്താ

അഭിവന്ദ്യനായ ഡാനിയേൽ മാർ പീലക്സിനോസ് തിരുമേനിയുമായി ഞാൻ ആദ്യം ബന്ധപ്പെട്ടപ്പോൾ അദ്ദേഹം ഡാനിയേൽ ക്ലേറിയായിരുന്നു. അദ്ദേഹവുമായി എനിക്കു് കൂടുതൽ അടുപ്പവും ഉടപ്പവും നേടുവാൻ കഴിഞ്ഞതു് ഞാൻ ഒരു കോറൂയനായതിനു ശേഷമാണ്.

അതിനുമുമ്പ് ബഹുമാനപ്പെട്ട കെ. ദാവീദ് അച്ചൻ നേതൃത്വം വഹിച്ചു നടത്തിവന്നിരുന്ന സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ചില വാർഷിക അദ്ധ്യാപക പരിശീലന ക്ലാസുകളിൽ ബ. ഡാനിയേൽ ക്ലേറി പഴയനിയമ വിഷയങ്ങൾ പഠിപ്പിക്കുമായിരുന്നു. എങ്കിലും അദ്ദേഹവുമായി ഒരു വിദൂര ബന്ധം പാലിക്കാൻ മാത്രമേ എനിക്ക് ഭാഗ്യം സിദ്ധിച്ചിരുന്നുള്ളു.



മാർ കൂറിലോസ് മെത്രാപ്പോലീത്താ

ഞാൻ പട്ടം ഏൽക്കുന്നതിനെ ശക്തമായി എതിർത്ത പ്രിയപ്പെട്ട മാതാപിതാക്കൾ എന്റെ ഇടവകയായ പെരിനാട് സെൻറ് തോമസ് ഓർത്തഡോക്സ് പള്ളിക്കാരുടെ നിരന്തര നിർബന്ധംമൂലം അതിനു സമ്മതിച്ച് അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് അന്നത്തെ പ. കാതോലിക്കാബാവാ മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ തി

(ശേഷം 4-ാം പേജിൽ)

# അദൃശ്യ കരങ്ങളുടെ പരിലാളനയിൽ (തുടർച്ച)

(1-ാം പേജിൽനിന്ന്)

ജീവിതനിഷ്ഠകളിൽ ഇപ്പോഴും കടുത്ത കൃത്യത പാലിക്കുന്നതിൽ തിരുമേനി ബദ്ധശ്രദ്ധനാണ്.

രാവിലെ 5 മണിക്ക് എഴുന്നേററാൽ രാത്രി 10.30 വരെയും ഒരുപോലെ ക്രമീകൃതമായ നിഷ്ഠകൾ. പ്രഭാത പ്രാർത്ഥന കഴിഞ്ഞാൽ 8 മണിവരെ ദിനചര്യകൾ നിവർത്തിക്കുവാനും പത്രം വായിക്കുവാനും സമയം കണ്ടെത്തുന്നു. 8 മണിക്ക് പ്രഭാതഭക്ഷണം. വളരെ ലഘുവായ രീതിയിൽ, പുട്ടും പഴവുമാണ് ഇഷ്ടവിഭവം. 9 മണി മുതൽ 12 മണിവരെ ഭദ്രാസന ഓഫീസ് കാര്യങ്ങളിൽ ശ്രദ്ധിക്കുന്നു. പള്ളികളുടെ അനുദിന പ്രവർത്തനം; പള്ളിപ്രശ്നങ്ങളുടെ പരിഹാരം; വൈദികരുടെ പ്രവർത്തനം; ആത്മീയസംഘടനകളുടെ വളർച്ച തുടങ്ങിയ എല്ലാ വിഷയങ്ങളും തിരുമനസ്സുകൊണ്ട് കൈകാര്യം ചെയ്യുന്നു. 12 മണിക്ക് ഉച്ചമണിയടിച്ചാൽ ഉടൻതന്നെ എല്ലാ ജോലിയും നിർത്തി പ്രാർത്ഥിക്കുന്നു. ഉച്ചനമസ്കാരം കഴിഞ്ഞ് ഭക്ഷണം, കഞ്ഞി, പയർ, പപ്പടം ചുട്ടത്, മീൻകറി, എന്നിവയാണ് സാധാരണ വിഭവങ്ങൾ. പാവയ്ക്ക, അവൽ, പഴം എന്നിവയും ചില ദിവസങ്ങളിൽ ഉണ്ടാകും.

രണ്ടു മുതൽ മൂന്നുവരെ വിശ്രമംആണ്. മൂന്നു മണിമുതൽ 5 മണിവരെ വീണ്ടും ഓഫീസ് കാര്യങ്ങൾ. ഇപ്പോൾ കൊച്ചു മെത്രാച്ചൻകൂടിയുള്ളത് നമുക്കൊരു വലിയ സഹായമാണ് അദ്ദേഹം അനുസ്മരിച്ചു. അടുത്തകാലത്തായി രണ്ടു ക്ലർക്കുമാരും; ഒരു സെക്രട്ടറിയും മുഴുവൻ സമയം ഓഫീസിൽ പ്രവർത്തിക്കുന്നുണ്ട്.

അഞ്ചുമണി മുതൽ ഒരു മണിക്കൂർ സമയം വിനോദങ്ങളിൽ ഏർപ്പെടുമായിരുന്നു. ഫുട്ബോൾ കളിയിലായിരുന്നു കൂടുതൽ താല്പര്യം. ഇപ്പോൾ കുറച്ചു കാലമായി കളിക്കാറില്ല. കളി കാണാറുണ്ട്. കാതോലിക്കേററ് കോളേജ് ഗ്രൗണ്ടിൽ നടക്കുന്ന കളികൾ അരമന ചാപ്പലിനരികെ ചേന്നിരുന്നു കണ്ട് ആസ്വദിക്കുന്നതിൽ അദ്ദേഹം ഇപ്പോഴും വളരെയേറെ തല്പരനാണ്.

6 മണിക്ക് സന്ധ്യാ പ്രാർത്ഥന. തുടന്ന് അല്പസമയം ധ്യാനം. അതുകഴിഞ്ഞ് വായന. 8 മണിക്ക് അത്താഴം. അതും കഞ്ഞിതന്നെ. കഞ്ഞിയുടെ വിഭവങ്ങൾ ഉച്ചയിലെ പോലെതന്നെ. 9 മണിക്ക് സൂത്താറാ നമസ്കാരം. വീണ്ടും 10.30 വരെ വായന. തിരുമനസ്സിലെ തിരക്കേറിയ ഓരോ ദിവസവും തികഞ്ഞ ചാരിതാർത്ഥ്യതയോടെ അവസാനിക്കുന്നു.

എല്ലാ ഞായറാഴ്ചയും ഭദ്രാസനത്തിലെ ഓരോ പള്ളികൾ സന്ദർശിക്കണം എന്നുള്ളത് തിരുമേനിക്കു നിർബന്ധമാണ്. അതുപോലെതന്നെ ഹാശാ ആഴ്ചയിലും ഭദ്രാസനത്തിനു വെളിയിൽ ഹാശാ ശുശ്രൂഷ നടത്തിയതായി ഓർമ്മയില്ല. ഉത്തരവാദിത്തങ്ങളോടുള്ള ആത്മാർത്ഥത തിരുമേനിയുടെ ജീവിതത്തിന്റെ മുഖമുദ്രയത്രെ.

പരിപാടികൾക്കെത്തുന്നതിൽ ഒരിക്കലും തിരുമനസ്സുകൊണ്ടു സമയനിഷ്ഠ പാലിക്കാതിരിക്കില്ല.

ഭദ്രാസനത്തിലെ എല്ലാ ആത്മീയ പ്രസ്ഥാനങ്ങളുടെയും വാർഷിക സമ്മേളനങ്ങളിൽ തിരുമേനി നിർബന്ധപൂർവ്വം സംബന്ധിക്കും. ഗ്രൂപ്പുതലത്തിലുള്ള വാർഷികം മുതൽ ഭദ്രാസന തലത്തിലുള്ള വാർഷികങ്ങൾക്കുവരെ കഴിവുള്ളിടത്തോളം ആദ്യാവസാനം തിരുമേനി സ്ഥലത്തുണ്ടാവും. ആവശ്യമായ നിർദ്ദേശങ്ങൾ സംഘാടകർക്കു നല്കും. തന്റെ ഭദ്രാസനം സഭയിലെ മററു ഭദ്രാസനങ്ങൾക്കെല്ലാം മാതൃകയാവണം. അതാണ് തിരുമേനിയുടെ പ്രധാന ലക്ഷ്യം.

സഭയിലെ മററു ഭദ്രാസനങ്ങൾക്കെല്ലാം മാതൃകയാകത്തക്കവണ്ണം വൈദിക ശമ്പള ഏകീകരണം ഭദ്രാസനതലത്തിൽ ആദ്യമായി നടപ്പിൽ വരുത്തിയത് തുമ്പമൺ ഭദ്രാസനത്തിലാണ്. ബാലികാ ബാലസമാജം സഭയിൽ ആദ്യമായി ഒരു പ്രസ്ഥാനം എന്ന നിലയിൽ രൂപപ്പെട്ടതും തുമ്പമൺ ഭദ്രാസനത്തിലാണ്. ഇതുപോലെ പല രംഗത്തും തിരുമേനിയുടെ അക്ഷീണമായ പരിശ്രമംമൂലം തുമ്പമൺ ഭദ്രാസനം സഭയിലെ മററു ഭദ്രാസനങ്ങളുടെ അഗ്രിമ സ്ഥാനത്ത് നില്ക്കുന്നു.

എം. ജി. ഓ. സി. എസ്. എം; യുവജനപ്രസ്ഥാനം എന്നിവകളുടെ ആദ്യകാല പ്രവർത്തകൻ, പ്രസിഡൻറ് എന്നീ നിലകളിൽ, ഈ പ്രസ്ഥാനങ്ങൾക്ക് ക്രമീകൃതമായ ഭരണ സംവിധാനം ഉണ്ടാക്കുന്നതിനു വേണ്ടി തിരുമേനി അനുഭവിച്ചിട്ടുള്ള ക്ലേശങ്ങൾ നിരവധിയാണ്. ഇന്നു കാണുന്ന രീതിയിൽ പ്രസ്തുത സംഘടനകളെ വളർത്തിയതും തിരുമേനി തന്നെ.

കാലം ചെയ്ത ഗീവർഗീസ് ദ്വിതീയൻ ബാവായുടെ അസിസ്റ്റൻറ്; ഇൻറർ ചർച്ച് റിലേഷൻ കമ്മററിപ്രസിഡൻറ് എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി തുടങ്ങി സഭയുടെ നിരവധി ഉന്നത നിലകളിൽ പ്രവർത്തിച്ച് സഭയുടെ യശസ്സും കീർത്തിയും ആഗോളതലത്തിൽ ഉയർത്തുവാൻ തിരുമേനി നടത്തിയിട്ടുള്ള പരിശ്രമങ്ങളും അവിസ്മരണീയങ്ങളത്രെ. പിന്നിട്ട എഴുപത്തെട്ടുവർഷങ്ങളിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ ചാരിതാർത്ഥ്യത്തിന്റെയും സംതൃപ്തിയുടെയും ധന്യ മുഹൂർത്തങ്ങൾ മാത്രമേ തിരുമേനിക്ക് അനുസ്മരിക്കുവാനുള്ളു. ജീവിതത്തിൽ വിജയത്തിന്റെ ഓരോ പടവുകളും തകയറുവാൻ സാധിച്ച ആ തപോധനൻ ദൈവത്തിന്റെ കരങ്ങളിൽതന്നെ പിടിച്ചുകൊണ്ട് ഇന്നും യാത്ര തുടരുന്ന ചിത്രം അദ്ദേഹത്തിന്റെ വാക്കുകളിലൂടെ പുറത്തു വന്നപ്പോൾ ആ വ്യക്തിത്വത്തിന്റെ മുന്നിൽ ആരാധനയോടെ ഞങ്ങൾ നമ്രശിരസ്കരായി.

ഞങ്ങൾ കൈമുത്തിയിറങ്ങുമ്പോൾ അകലെയുള്ള മൈലപ്ര പള്ളിയിലെ പെരുനാൾ ചടങ്ങുകളിൽ സംബന്ധിക്കുവാൻ തിരുമേനിയും പടികളിറങ്ങി.


## St. Stephen's Book Centre

**College View MAKKAMKUNNU**

***PATHANAMTHITTA***

സഭാസംബന്ധമായ എല്ലാ പുസ്തകങ്ങളും കാസാ,പീലാസാ കുരിശ്, മെഴുകുതിരിക്കാൽ, ധൂപക്കുററി, വിരിക്കുട്ട്, ചിത്തോല, ശോശപ്പാ, മെഴുകുതിരി, കുന്തുരുക്കം, കുർബാന വീഞ്ഞ്, ഇവിടെ ലഭിക്കുന്നു.

Opening Shortly

## ANIL TOURIST HOME

**PATHANAMTHITTA**

**PHone: 415**

***Single and double rooms (A/c & Non A/c)***

***Conference hall***

***Car park etc.***

Our Sister Concern

## ADIMURIYIL STORES

**PATHANAMTHITTA**

**PHONE: 475**

***For all types of Glass, Mirror-Mica Sheets, Plywood etc.***

Managed by **Thomas Mathew**

Adimuriyil, Pathanamthitta

# സേവനത്തിന്റെ കനകജൂബിലി കൊണ്ടാടുന്ന ഡാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്ത

**കെ. വി. മാമ്മൻ**

തുമ്പമൺ ഭദ്രാസനാധിപൻ ഡാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ 79-ാം ജന്മദിനവും മെത്രാൻസ്ഥാനാഭിഷേകത്തിന്റെ 35-ാം വാഷികവും ഈ മെയ് 15-ന് അദ്ദേഹത്തിന്റെ സ്വന്തം ഇടവകയായ ഓമല്ലൂർ സെന്റ് തോമസ് പള്ളിയിൽവച്ച് ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ കൊണ്ടാടുമ്പോൾ യഥാർത്ഥത്തിൽ തിരുമേനിയുടെ സഭാ സേവനത്തിന്റെ കനകജൂബിലിയാണ് ആഘോഷിക്കുന്നത്.

പൗരോഹിത്യ പാരമ്പര്യമുള്ള പ്രശസ്തമായ കൈപ്പട്ടൂർ വട്ടതല കുടുംബത്തിലെ ഇശോ കത്തനാരുടെ പുത്രനായി 1910 മെയ് പത്താംതീയതി ജനിച്ച പി. ഇ. ഡാനിയേൽ ചെറുപ്പത്തിലേ സഭാസേവനത്തിനുവേണ്ടി പ്രതിഷ്ഠിക്കപ്പെട്ടു. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം കോട്ടയം എം. ഡി. എസ്. ഹൈസ്കൂളിലും സി. എം. എസ്. കോളജിലും തിരുവനന്തപുരം മഹാരാജാസ് കോളജിലും സെറാമ്പൂർ വൈദിക കോളജിലും പഠിച്ചു ബി. എ. ബി. ഡി. ബിരുദങ്ങൾ കരസ്ഥമാക്കി. ഇതിനിടയിൽ വട്ടശ്ശേരിൽ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപോലീത്തായിൽനിന്നു കോറൂയോ പട്ടവും ക്ലേറി സ്ഥാനവും തുടന്ന് പ: ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവായിൽനിന്നു പൂണ്ണശെമ്മാശ്ശു പട്ടവും വൈദിക പട്ടവും സ്വീകരിച്ച ഫാ. പി. ഇ. ഡാനിയേൽ 1936-ൽ പത്തനംതിട്ട കാതോലിക്കേററ് ഹൈസ്കൂളിലെ ഫിസിക്സ് അദ്ധ്യാപകനായും ഹെയിംസൂപ്രണ്ടായും നിയമിക്കപ്പെട്ടു. ഈ കാലഘട്ടത്തിൽ തുമ്പമൺ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായിരുന്ന പുത്തൻകാവ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റ് എന്ന നിലയിൽ ഭദ്രാസനത്തിന്റെ ഭരണകാര്യങ്ങളിലും മററും അച്ചൻ ശ്രദ്ധ ചെലുത്തുകയും പള്ളി സന്ദർശന പരിപാടി നടത്തുകയും അങ്ങനെ ഭാവിയിലെ ഭദ്രാസനഭരണത്തിന്റെ പാഠങ്ങൾ പഠിക്കുകയും ഉണ്ടായി.

സഭയുടെ വിശാലമായ മേഖലകളിൽ പുത്തൻകാവിലെ കൊച്ചു തിരുമേനിയുടെ സേവനം വിനിയോഗിക്കപ്പെട്ടിരുന്നതിനാൽ ഡാനിയേൽ അച്ചന്റെ കരങ്ങളിൽ ഭദ്രാസന ഭരണചുമതല പലപ്പോഴും എത്തിച്ചേരുകയായിരുന്നു. 1951-ൽ പുത്തൻകാവിൽ കൊച്ചു തിരുമേനി അപ്രതീക്ഷിതമായി കുന്നംകുളത്തിനടുത്തുവച്ചു ഹൃദ്രോഗം മൂലം അന്തരിച്ചപ്പോൾ ഭദ്രാസനത്തിന്റെ ചുമതല മുഴുവൻ അദ്ദേഹത്തിന്റെ പിൻഗാമിയെന്ന് എല്ലാവരും തീർച്ചയാക്കിയിരുന്ന അച്ചനിൽ നിക്ഷിപ്തമായി.

താമസംവിനാ മെത്രാൻസ്ഥാനത്തേക്കു് അച്ചൻ തിരഞ്ഞെടുക്കപ്പെട്ടു. മെത്രാനായി 1953 മെയ് 15-നു് വാഴിക്കുന്നതുവരെ ഒരു വഷത്തോളം ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ തുമ്പമൺ ഭദ്രാസനച്ചുമതല വഹിച്ചിരുന്നതിനാൽ തപോധനനായ ആ സുറിയാനി പണ്ഡിതന്റെ കീഴിലും അച്ചനു പരിശീലനം ലഭിച്ചു. മെത്രാൻ സ്ഥാനത്തിന്റെ ആദ്യപടിയായ റമ്പാൻ സ്ഥാനം ലഭിച്ചപ്പോൾ പത്തനംതിട്ട കോളജിന്റെ പ്രഥമ പ്രിൻസിപ്പൽ സ്ഥാനവും റമ്പാച്ചനിൽ ചെന്നുചേർന്നു. മികച്ച അദ്ധ്യപകനെന്ന പേരെടുത്ത റമ്പാച്ചനു് കോളജിന്റെ ഭരണം നിഷ്പ്രയാസം നടത്താനും അച്ചടക്കം പാലിക്കാനും സാധിച്ചു. 'പിന്നീട് മെത്രാപ്പോലീത്താ ആയപ്പോൾ കോളജ് ഭരണസമിതിയെ അദ്ദേഹം നിയന്ത്രിച്ചു വന്നു. ഭദ്രാസനഭരണം സ്വതന്ത്രമായി ലഭിച്ചതിനെ തുടന്നു ഭദ്രാസനത്തിനുണ്ടായ മുന്നേററം അതിനെ മററെല്ലാ ഭദ്രാസനങ്ങളുടെയും മുമ്പിലാക്കി. ചിട്ടയോടുകൂടിയ പള്ളി സന്ദർശന പരിപാടി, ആദ്ധ്യാത്മിക പ്രവർത്തനങ്ങളുടെ നവോത്ഥാനം, വൈദികരുടെ ശമ്പള പദ്ധതി, ഭദ്രാസന ഡയറക്ടറി, മാർ ബേസിൽ ദയറായുടെ പ്രവർത്തനം, തർക്കങ്ങളുടെയും കേസുകളുടെയും അഭാവം, ഉത്സാഹശീലരും ബലിയേക്കാൾ അനുസരണത്തിനു മുൻതൂക്കം നൽകുന്നവരുമായ വൈദികർ തുടങ്ങിയ ഘടകങ്ങൾ ഭദ്രാസന ഭരണ വിജയത്തിനു സഹായിച്ചു.

പരിശുദ്ധ ബസ്സേലിയോസ് ഗീവർഗീസ് രണ്ടാമന്റെ അസിസ്റ്റന്റ്, സുന്നഹദോസ് സെക്രട്ടറി, യുവജന വിദ്യാർത്ഥിപ്രസ്ഥാനങ്ങളുടെ പ്രസി

(ശേഷം 4-ാം പേജിൽ)


A. KOSHY & Co.
THEKKUPURATHU BUILDINGS
T. B. JN. COLLEGE ROAD
PATHANAMTHITTA
Distributor For-
Food Specialities Ltd., Godrej Soaps and Resana

കാന്തി ബ്യൂട്ടി പാർലർ
(ററി. ബി. ക്ക് സമീപം)
ററി. ബി. റോഡ്, പത്തനംതിട്ട
കല്യാണമേക്കപ്പുകൾ, കാർ ഡെക്കറേഷൻ, വിവിധ രീതിയിലുള്ള ബൊക്കകൾ ഓർഡർ അനുസരിച്ച് ഭംഗിയായി ചെയ്തുകൊടുക്കുന്നു.
ബ്യൂട്ടീഷ്യൻ ക്ലാസുകൾ ബ്യൂട്ടീഷൻ കോഴ്സിൽ ഡിഗ്രി കരസ്ഥമാക്കിയ വിദഗ്ധർ ക്ലാസുകൾ നയിക്കുന്നു. ഇതോടൊപ്പം വനിതകൾക്ക് യോഗാസനത്തിനുള്ള സ്പെഷ്യൽ ക്ലാസുകൾ.
ബ്യൂട്ടീഷ്യൻസ്: ലീലാസൈമൺ
സുമാ മെഴ്സിലിൻ
ഡയറക്ടർ: റോയി

ആശംസകൾ!!
സുമംഗലി സാരി സംഗം
പത്തനംതിട്ട

തറയിൽ ഫൈനാൻസിയേഴ്സ്
കളക്ട്രേററ് റോഡ്
പത്തനംതിട്ട
Phone: 2650
സ്വർണ്ണം പണയത്തിന്മേൽ പണം കൊടുക്കപ്പെടും.
ആകർഷണീയമായ പലിശനിരക്കിൽ ഡിപ്പോസിററ് സ്വീകരിക്കുന്നതാണ്.
പാർട്ണേഴ്സ്:
തറയിൽ മാത്യു & ബ്രദേഴ്സ്

Best Compliments From:-
Karikkinethu Stores
Kaipattoor

Best Compliments
BEJOY TEX
MANGALYA A/C
BENOYS BOMBAY DYEING
SHOW ROOM
PATHANAMTHITTA
Phone: 2304, 2463

Best Compliments
RAJAN
TEXTILES
H. O. PATHANAMTHITTA
Br. PANDALAM

